**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് / സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.710/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി : 25/03/2020

പരാമർശം :- 1. 01.02.2020-ലെ ഡി.സി.1/71/2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.
2. 14.03.2020-ലെ സ.ഉ(സാധാ)നം.620/2020/ത.സ്വ.ഭ.വ. ഉത്തരവ്.
3. 20.03.2020-ലെ സ.ഉ(എം.എസ്.)നം.55/2020/ത.സ്വ.ഭ.വ. ഉത്തരവ്.

**ഉത്തരവ്**

പരാമർശ ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാനത്ത് കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു .

- തൊഴിലില്ലായ്മ വേതന വിതരണം മാർച്ച് 31നകം പൂർത്തീകരിക്കണം. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗുണഭോക്താക്കളെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് വിളിച്ചു വരുത്താതെ തൊഴിലില്ലായ്മ വേതനം നൽകുന്നതിന് സെക്രട്ടറിമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നഗര - ഗ്രാമ പ്രദേശങ്ങളിൽ തെരുവിൽ ഉറങ്ങുന്നവർ, അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവർ, നിരാലംബർ എന്നിവരെ തെരുവിൽ നിന്നും മാറ്റി പുനരധിവസിപ്പിക്കുന്നതിനും ഭക്ഷണം, വ്യക്തി ശുചിത്വം, ആരോഗ്യപരിരക്ഷ തുടങ്ങിയവ ഉറപ്പാക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പ്രാധാന്യം നൽകേണ്ടതാണ് .
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ഇതര ആരോഗ്യ സംവിധാനങ്ങൾ എന്നിവിടങ്ങളിൽ വരും ദിവസങ്ങളിൽ ആവശ്യമായ മരുന്നുകളുടെ ലഭ്യത കണക്കാക്കുകയും ആവശ്യമെങ്കിൽ അവ വാങ്ങുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിന് ആവശ്യമായ ആസൂത്രണം ഉടൻ സംഘടിപ്പിക്കേണ്ടതാണ്.
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണിവരെ പ്രവർത്തനം ഉറപ്പുവരുത്താൻ സന്നദ്ധതയുള്ള ഡോക്ടർമാരെ കണ്ടെത്തി നിയമിക്കേണ്ടതാണ്. പൊതുഗതാഗത സംവിധാനം ഇല്ലാത്തതിനാൽ ദൂരെനിന്നും വന്നു ജോലിചെയ്യുന്ന ആരോഗ്യവിഭാഗം ഉൾപ്പെടെയുള്ള ജീവനക്കാർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർക്കും വാഹന സൗകര്യം ഏർപ്പെടുത്തേണ്ട സാഹചര്യത്തിൽ അപ്രകാരം

ചെയ്യേണ്ടതാണ്. അതോടൊപ്പം ഭക്ഷണവും താമസ സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.

- നഗര സഭകളിൽ പി എസ് സി മുഖാന്തിരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലിയിൽ പ്രവേശിക്കുകയാണെങ്കിലും നിലവിലുള്ള താത്കാലിക ജീവനക്കാരെ ആവശ്യമുള്ളപക്ഷം മൂന്നുമാസംവരെ തുടരുന്നതിന് അതത് നഗരസഭകൾക്ക് തീരുമാനമെടുക്കാവുന്നതാണ്. പിന്നീടിതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയാൽ മതിയാകും
- സ്ഥിരമായി മരുന്ന് കഴിക്കുന്നവർ, നിർധനരായ രോഗികൾ എന്നിവർക്ക് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- അവശ്യസാധനങ്ങൾ വാങ്ങാനായി കടകളിൽ ജനക്കൂട്ടം തിങ്ങിക്കൂടുന്നത് ഒഴിവാക്കേണ്ടതാണ്. ഇതിനായി ഉച്ചഭാഷിണി മുഖേനേയുള്ള മതിയായ അറിയിപ്പ് നൽകേണ്ടതും ആവശ്യമെങ്കിൽ പോലീസ് അധികാരികളുടെ സേവനം തേടേണ്ടതുമാണ്.
- മുൻ ഉത്തരവുകളിൽ സൂചിപ്പിച്ചതുപോലെ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ മാനസികോല്ലാസം ഉറപ്പുവരുത്തുന്നതിനും ഒറ്റപ്പെടലുകൾ ഒഴിവാക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ നിരന്തരം ഉറപ്പാക്കേണ്ടതാണ്.
- മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ, ബസ് സ്റ്റോപ്പുകൾ, ഓഫീസുകൾ തുടങ്ങിയ പൊതു ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അഗ്നിശമന സേനയുടെ കൂടി സഹായത്തോടെ അണുവിമുക്തമാക്കി ശുചീകരണം നടത്തേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക, പിഴയും പലിശയും ഒഴിവാക്കി ഒടുക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് മെയ് 5 വരെ ഇളവ് അനുവദി ക്കാവുന്നതാണ്.
- സ്വകാര്യ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയങ്ങളിൽ നിശ്ചയിച്ചിരുന്ന ചടങ്ങുകൾ ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ചിലയിടങ്ങളിൽ ഈടാക്കിയ തുക മടക്കി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഈടാക്കിയ തുക മടക്കി നൽകാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ നിർദ്ദേശം നൽകേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ എന്നിവ പൊതുചടങ്ങുകൾക്കായി ബുക്ക് ചെയ്തിരുന്നത് ഒഴിവാക്കുമ്പോൾ ഈടാക്കിയ മുഴുവൻ തുകയും തിരിച്ചു നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകയാകേണ്ടതാണ്.
- വാർഡ് തല കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഡോക്യുമെന്റ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂക്ഷിക്കുന്നുണ്ടെന്ന് അതത് ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതാണ്.
- വാർഡ് തലത്തിൽ ഭക്ഷണം, മരുന്ന്, മറ്റ് അവശ്യ സാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ഓരോ പഞ്ചായത്തിലും യൂത്ത്

വോളന്റീയർമാരുടെ സേവനം വിനിയോഗിക്കണം. ഇതിനായി ചുരുങ്ങിയത് 10 വോളന്റീയർമാരെയെങ്കിലും രജിസ്റ്റർ ചെയ്ത് പരിശീലനം നൽകേണ്ടതുണ്ട്. പരിശീലനം നൽകുന്നതിന് ആരോഗ്യ, പോലീസ്, ഫയർ & റെസ്ക്യൂ വകുപ്പുകളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്ത് സെക്രട്ടറി യുവജനക്ഷേമ ബോർഡുകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരുമായി ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ശാരദ മുരളീധരൻ**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന വകുപ്പ് കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
ഡയറക്ടർ ജനറൽ, കില
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ ഐ&പി.ആർ.ഡി/വെബ്&ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി I ന്റെ സി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി II ന്റെ സി.എയ്ക്ക്